# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ആഗസ്റ്റ് 2<br>August 2 | 2019 |
|---|---|

*1193 കർക്കടകം 17 വെള്ളി*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**തെരുവ് വിളക്ക് റിപ്പയറിംഗ്**

കോഴഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന തെരുവുവിളക്കുകളുടെ പരിപാലനം പ്രോജക്ടിന്റെ നിർവഹണത്തിന് ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവുവിളക്കുകളുടെ റിപ്പയറിംഗ് ജോലികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിന് സമാന മേഖലയിൽ പ്രവർത്തിപരിചയവും സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ് ലൈസൻസുമുള്ള കരാറുകാർക്ക് അപേക്ഷിക്കാം. (പിഎൻപി 1969/19)

**അടൂർ എൻജിനീയറിംഗ് കോളജിൽ സ്പോട്ട് അഡ്മിഷൻ**

അടൂർ എഞ്ചിനീയറിംഗ് കോളേജിലെ ബി.ടെക് മെക്കാനിക്കൽ, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എന്നീ ബ്രാഞ്ചുകളിൽ മാനേജ്മെന്റ്/എൻ.ആർ.ഐ വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. എൻട്രൻസ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മാനേജ്മെന്റ് സീറ്റിലും മറ്റുളവർക്ക് എൻ.ആർ.ഐ സീറ്റിലും അപേക്ഷിക്കാം. താത്പര്യമുള്ളവർ കോളേജ് ഓഫീസിൽ നേരിട്ട് ഹാജരാകണം. ഫോൺ: 04734-231995, 8547005100.

(പിഎൻപി 1970/19)

## കെൽട്രോണിൽ കംപ്യൂട്ടർ കോഴ്സുകൾക്ക് അപേക്ഷിക്കാം

അടൂർ കെൽട്രോൺ നോളജ് സെന്ററിൽ നടത്തിവരുന്ന കോഴ്സുകളുടെ പുതിയ ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറ് മാസം ദൈർഘ്യമുള്ള ഡിസിഎ കോഴ്സിന് 25 ശതമാനവും പ്രൊഫഷണൽ ഡിപ്ലോമ ഇൻ കംപ്യൂട്ടർ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്ക് മെയിന്റനൻസ് വിത്ത് ലാപ്ടോപ്പ് ടെക്നോളജീസ് കോഴ്സിന് 20 ശതമാനവും ഫീസിളവുണ്ട്. ഫോൺ: 04734229998, 9526229998. (പിഎൻപി 1971/19)

## ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണം

രണ്ടാം ലോക മഹായുദ്ധസേനാനികൾക്കും വിധവകൾക്കുമുള്ള 2019-20 വർഷത്തേക്കുള്ള പ്രതിമാസ സാമ്പത്തിക സഹായം തുടർന്ന് ലഭിക്കുന്നതിന് ഈ മാസം 31ന് മുമ്പ് ലൈഫ് സർട്ടിഫിക്കറ്റ് ഒപ്പിട്ട് ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ ലഭ്യമാക്കണം. ഫോൺ: 0468 2222104. (പിഎൻപി 1972/19)

## ടെൻഡർ

അടൂർ ജനറൽ ആശുപത്രിയിൽ വിവിധ മെയിന്റനൻസ് പ്രവൃത്തികൾക്കും ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും ടെൻഡർ ക്ഷണിച്ചു. ടെൻഡറുകൾ ഈ മാസം ഒമ്പതിന് ഉച്ചയ്ക്ക് രണ്ട് വരെ സ്വീകരിക്കും. ഫോൺ: 04734 223236. (പിഎൻപി 1973/19)

## ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കൽ

മൈലപ്ര ഗ്രാമപഞ്ചായത്തിലെ ശേഷിക്കുന്ന ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കൽ ഈ മാസം ആറ് മുതൽ എട്ട് വരെ രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ കൃഷിഭവൻ ഹാളിൽ നടക്കുമെന്ന് സെക്രട്ടറി അറിയിച്ചു. (പിഎൻപി 1974/19)

## കർഷക സുരക്ഷ കർമസേനയിൽ ഒഴിവ്

കൃഷി വകുപ്പിന്റെ കീഴിൽ കോന്നി ബ്ലോക്ക് പഞ്ചായത്ത് സമുച്ചയത്തിൽ പ്രവർത്തിക്കുന്ന മോഡൽ അഗ്രോ സെന്ററിലേക്ക് (കർഷക സുരക്ഷ കർമസേന) യോഗ്യരായവരെ തെരഞ്ഞെടുക്കുന്നു. കാർഷിക മേഖലയിൽ താത്പര്യവും പ്രവൃത്തിപരിചയവുമുള്ള, 18നും 56നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. കോന്നി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ളവർക്ക് മുൻഗണന ലഭിക്കും. അപേക്ഷ ഈ മാസം 10ന് മുമ്പ് കോന്നി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലോ മോഡൽ അഗ്രോ സർവീസ് സെന്ററിലോ നൽകണം.

(പിഎൻപി 1975/19)

## ജില്ലാ ക്രൈസിസ് ഗ്രൂപ്പ് യോഗം

രാസ അപകടങ്ങളുമായി ബന്ധപ്പെട്ട് ദുരന്തനിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ജില്ലാ ക്രൈസിസ് ഗ്രൂപ്പ് യോഗം ദുരന്തനിവാരണ ഡെപ്യൂട്ടി കളക്ടറുടെ അധ്യക്ഷതയിൽ ഈ മാസം 26ന് രാവിലെ 10.30ന് കളക്ടറേറ്റിൽ ചേരും.

(പിഎൻപി 1976/19)

## സെൻസസ്: കൂടൽ വില്ലേജിൽ പ്രീടെസ്റ്റ് ഈമാസം 12 മുതൽ

ജില്ലയിലെ കോന്നി താലൂക്കിലെ കൂടൽ വില്ലേജിൽ 2021 ലെ ഭാരത സെൻസസിന് മുന്നോടിയായുള്ള പ്രീടെസ്റ്റ് നടത്തുമെന്ന് ജില്ലാ കളക്ടർ പി.ബി. നൂഹ് പറഞ്ഞു. പ്രീടെസ്റ്റിന്റെ ഒരുക്കങ്ങൾ വിലയിരുത്തുന്നതിന് കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. സെൻസസിന് മുന്നോടിയായി സംസ്ഥാനത്ത് കൂടൽ ഉൾപ്പെടെ രണ്ട് വില്ലേജുകളിലും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ ചില

വാർഡുകളിലും ഓഗസ്റ്റ് 12 മുതൽ സെപ്തംബർ 30 വരെ പ്രീടെസ്റ്റ് നടത്തും. ജില്ലാ കളക്ടറാണ് സെൻസസ് നടത്തുന്നതിനുള്ള ജില്ലയുടെ മേലധികാരി (പ്രിൻസിപ്പൽ സെൻസസ് ഓഫീസർ). ഇതിനു താഴെയായി തഹസീൽദാർമാരും മുനിസിപ്പാലിറ്റികളിൽ സെക്രട്ടറിമാരും പ്രവർത്തിക്കും.

കൂടൽ വില്ലേജിൽ 42 എന്യുമറേഷൻ ബ്ലോക്കുകളാണ് 2011 ലെ സെൻസസിനുള്ളത്. ഈ ബ്ലോക്കുകളുടെ അടിസ്ഥാനത്തിലാണ് പ്രീടെസ്റ്റ് നടത്തുന്നത്. ഇതിനുള്ള തയാറെടുപ്പുകൾ താലൂക്കിലും നടന്നുവരുന്നു. 42 എന്യൂമറേറ്റർമാരെയും സൂപ്പർവൈസർമാരെയും റിസർവ് ആളുകളെയും നിയോഗിച്ചിട്ടുണ്ട്. ഗവൺമെന്റ് ഉദ്യോഗസ്ഥരെയാണ് ഇതിലേക്ക് നിയമിക്കുന്നത്.

സെൻസസിന് എന്ന പോലെ പ്രീടെസ്റ്റിനും രണ്ട് ഘട്ടങ്ങളുണ്ട്. വീട് പട്ടിക തയാറാക്കലും വീടുകളുടെ സെൻസസുമാണ് ഇതിലാദ്യം. അതിനുശേഷമാണ് ജനസംഖ്യാ കണക്കെടുപ്പ്. രണ്ടാം ഘട്ടത്തിനായുള്ള തയാറെടുപ്പാണ് ആദ്യഘട്ടത്തിൽ നടത്തുന്നത്. ഒപ്പം തന്നെ വീടുകളെയും അതിൽ വസിക്കുന്ന ആളുകളെയും കുറിച്ച് വിവരങ്ങൾ ശേഖരിക്കും. വീടുവീടാന്തരം കയറിയിറങ്ങിയാണ് എന്യൂമറേറ്റർമാർ വിവരങ്ങൾ ശേഖരിക്കുന്നത്. ആദ്യ ഘട്ടത്തിൽ 34 വിവരങ്ങൾ ഒരു ഷെഡ്യൂൾ ഉപയോഗിച്ച് തയാറാക്കും. വീടുകളുടെ അവസ്ഥ, ഉപയോഗം, വീട് നിർമിക്കാൻ ഉപയോഗിച്ച സാമഗ്രികൾ, വീടിനുള്ളിൽ താമസിക്കുന്നവരുടെ വിവരം, കുടുംബനാഥൻ/നാഥയെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിനുള്ള സാമഗ്രികൾ തുടങ്ങിയ വിവരങ്ങളും, ബാങ്കിംഗ് സർവീസ് തുടങ്ങിയ വിവരവും ശേഖരിക്കും.

രണ്ടാം ഘട്ടമാണ് യഥാർഥ സെൻസസ്. വ്യക്തി വിവരങ്ങളാണ് ഇതിൽ ശേഖരിക്കുന്നത്. കുടുംബത്തിലെ ഓരോ അംഗങ്ങളുടെയും വിവരങ്ങൾ ഇതിൽ ശേഖരിക്കും. 28 ചോദ്യങ്ങൾക്കുള്ള ഉത്തരം ഇങ്ങനെ ശേഖരിക്കും. 2010ൽ തയാറാക്കിയ ദേശീയ ജനസംഖ്യാ രജിസ്റ്റർ, 2015-16 ൽ ആധാർ കൂടി ശേഖരിച്ച് പുതുക്കി തയാറാക്കിയിട്ടുണ്ട്. ഗവൺമെന്റ് തലത്തിൽ അത് ഒന്നുകൂടി പുതുക്കിയെടുക്കുന്നതിന് നിർദേശമായിട്ടുണ്ട്. പ്രീടെസ്റ്റിൽ അതിനു കൂടിയുള്ള വിവരശേഖരണവും നടത്തും.

ഓഗസ്റ്റ് ആറ്, ഏഴ്, എട്ട്, ഒമ്പത് തീയതികളിൽ എന്യൂമറേറ്റർമാരുടെ ട്രെയിനിംഗ് കോന്നി താലൂക്കിൽ നടത്തും. ഓഗസ്റ്റ് 12 മുതലാണ് ആദ്യഘട്ടം തുടങ്ങുന്നത്. സെപ്റ്റംബർ ഒമ്പത് മുതൽ 29 വരെയാണ് രണ്ടാം ഘട്ടം. ഈ എന്യുമറേറ്റർമാർ തന്നെയാണ് എൻ.പി.ആർ പുതുക്കുന്നതിലേക്കുള്ള വിവരങ്ങളും ശേഖരിക്കുന്നത്. ഇതിന്റെ ഭാഗമായി ജില്ലാ കളക്ടർ, എഡിഎം, കോന്നി തഹസീൽദാർ, അനുബന്ധ ഉദ്യോഗസ്ഥർ, സെൻസസ് ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, എസ്.ഐ ഗ്രേഡ് ഒന്ന് എന്നിവരെ ഉൾപ്പെടുത്തി വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കാൻ കളക്ടർ നിർദേശം നൽകി. പ്രവർത്തനം സുഗമമാക്കുന്നതിന് വാട്സാപ്പ് ഗ്രൂപ്പ് സഹായിക്കും. ഇതുപോലുള്ള ഗ്രൂപ്പുകൾ എന്യുമറേറ്റർ തലത്തിലും ഉണ്ടാക്കുന്നതിനായി നിർദേശം നൽകി. ഇതിനായി പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നിർദേശം നൽകി. കോന്നി തഹസീൽദാർ മുന്നൊരുക്കങ്ങളെപ്പറ്റി വിശദീകരിച്ചു. സെൻസസ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ, കോന്നി തഹസീൽദാർ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1977/19)

## ഫോട്ടോ അടിക്കുറിപ്പ്

1) സെൻസസിന് മുന്നോടിയായുള്ള പ്രീടെസ്റ്റിന്റെ ഒരുക്കങ്ങൾ വിലയിരുത്തുന്നതിന് ജില്ലാ കളക്ടർ പി.ബി. നൂഹിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന യോഗം.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

| | |
|---|---|
| ആഗസ്റ്റ് 2<br>August 2 | 2019 |

*1193 കർക്കടകം 17 വെള്ളി*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657

**അടൂർ താലൂക്ക് പരാതിപരിഹാര അദാലത്ത് 17ന്**

അടൂർ താലൂക്ക് പരാതിപരിഹാര അദാലത്ത് 17ന് രാവിലെ 9.30 മുതൽ അടൂർ റവന്യു ടവറിലെ ഹൗസിംഗ് ബോർഡിന്റെ കോൺഫറൻസ് ഹാളിൽ നടക്കും. അദാലത്തിൽ പരിഗണിക്കുന്നതിന് ഈ മാസം 10 വരെ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസിലും അപേക്ഷ നൽകാം. ഓരോ വിഷയത്തിനും പ്രത്യേകം അപേക്ഷ നൽകണം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം, സർവെ സംബന്ധിച്ച പരാതികൾ, റേഷൻ കാർഡ് സംബന്ധിച്ചുള്ളത്, നിയമപരമായി ലഭിക്കേണ്ട പരിഹാരം എന്നിവ ഒഴിച്ചുള്ള പരാതികൾ അദാലത്തിൽ പരിഗണിക്കും. അദാലത്ത് ദിവസം ജില്ലാ കളക്ടർക്ക് നേരിട്ടും അപേക്ഷ നൽകാം. (പിഎൻപി 1978/19)

**സർക്കാർ മുൻതൂക്കം നൽകുന്നത് വികസനത്തിന്: മന്ത്രി ജി. സുധാകരൻ**

സംസ്ഥാന സർക്കാർ ജനങ്ങളുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകുന്നതെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ പറഞ്ഞു. വാലാങ്കര –അയിരൂർ റോഡിന്റെ നിർമാണോദ്ഘാടനം ചുഴനയിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

പൊതുമരാമത്ത് വകുപ്പിനെതിരേ അനാവശ്യ വിവാദ പരാമർശങ്ങൾ നൽകുന്ന ഉദ്യോഗസ്ഥർ വിജിലൻസ് അന്വേഷണം നേരിടേണ്ടി വരും. എല്ലാ വകുപ്പുകളും

സഹകരണത്തോടെയാണ് വികസന കാര്യങ്ങളിൽ പങ്കെടുക്കേണ്ടത്. എന്നാൽ, ചില ഉദ്യോഗസ്ഥർ ദുഷ്ടലാക്കോടെ പ്രവർത്തിക്കുന്നത് വികസന കാര്യങ്ങളിൽ ജനങ്ങൾക്ക് എതിരു നിൽക്കുന്നതിന് തുല്യമാണ്. സർക്കാർ ചെയ്ത നല്ല കാര്യങ്ങൾ മറച്ചുവച്ചു കുറ്റം ചെയ്യുന്ന ഉദ്യോഗസ്ഥരെ സംരക്ഷിക്കില്ലെന്നും മന്ത്രി പറഞ്ഞു.

ജില്ലയിലെ റാന്നി നിയോജകമണ്ഡലത്തിലെ സമഗ്ര വികസനം ലക്ഷ്യമിട്ടാണ് മലയോര മേഖലയായ വാലാങ്കര-അയിരൂർ റോഡിന്റെ നിർമാണം. കോട്ടയം-കോഴഞ്ചേരി റോഡിൽ വെണ്ണിക്കുളം ജംഗ്ഷനിൽ ആരംഭിച്ച്, വെണ്ണിക്കുളം-റാന്നി റോഡിൽ അവസാനിക്കുന്ന റോഡിന് 8.352 കി.മീ ദൈർഘ്യം ഉണ്ട്. റോഡിന്റെ നവീകരണത്തിനായി 2016 നവംബർ ഒന്നിന് 15.00 കോടി രൂപയ്ക്ക് 2016-17 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചു. 2017 സെപ്റ്റംബർ 19ന് 19.59 കോടി രൂപയ്ക്ക് കിഫ്ബി 2016-17 പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചു. തുടർന്ന് 2018 സെപ്റ്റംബർ 29ന് 19.59 കോടി രൂപയ്ക്ക് സാങ്കേതികാനുമതി ലഭിച്ചു. റാന്നി കരിംകുറ്റിയിൽ കൺസ്ട്രക്ഷൻസ് ആൻഡ് ഡെവലപ്പേഴ്സ് എന്ന കമ്പനി 2019 ഫെബ്രുവരി അഞ്ചിന് 20.21 കോടി രൂപയ്ക്ക് എഗ്രിമെന്റ് വച്ച് പ്രവൃത്തി ഏറ്റെടുത്തു. ഇതിന്റെ പൂർത്തീകരണ കാലാവധി ഒൻപതു മാസമാണ്. ഈ പ്രവൃത്തിയിൽ താഴ്ന്ന പ്രദേശങ്ങൾ ഉയർത്തി വീതി കൂട്ടി ഉന്നത നിലവാരത്തിൽ ഉപരിതലം പുതുക്കും.

റോഡിന്റെ ഇരുവശങ്ങളിലുമായി 6850 മീറ്റർ ഓട, 32 പുതിയ പൈപ്പ് കൾവർട്ടുകൾ, നിലവിലുള്ള മൂന്നു കലുങ്കുകൾക്ക് വീതി കൂട്ടൽ, 3606 മീറ്റർ സംരക്ഷണ ഭിത്തി, 1800 സ്ക്വയർ മീറ്റർ ഇന്റർലോക്ക്, റോഡിന്റെ താഴ്ച്ച ഭാഗങ്ങളിൽ 300 മീറ്റർ ക്രാഷ് ബാരിയർ എന്നിവ ഒരുക്കും. ട്രാഫിക് സംരക്ഷണത്തിന് കരുതൽ നൽകുന്ന വിവിധതരം ബോർഡുകൾ, മറ്റ് അനുബന്ധ സംവിധാനങ്ങൾ, വാട്ടർ അതോറിട്ടി പൈപ്പ്ലൈൻ, ഇലക്ട്രിക് പോസ്റ്റുകൾ, കേബിളുകൾ തുടങ്ങിയവ റോഡിന്റെ വശങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനും ഭാവിയിൽ റോഡ് കുറുകെ മുറിച്ച് പൈപ്പിടുന്നത് ഒഴിവാക്കുന്നതിനു വേണ്ടിയുള്ള സൗകര്യങ്ങളും ചെയ്യും. റോഡുപണി പൂർത്തിയാകുന്നതോടു കൂടി പുറമറ്റം, എഴുമറ്റൂർ, കൊറ്റനാട്, അയിരൂർ പഞ്ചായത്ത് നിവാസികൾ അനുഭവിക്കുന്ന യാത്രാ ദുരിതത്തിന് പരിഹാരമാകും. താലൂക്ക് ആസ്ഥാനങ്ങളായ തിരുവല്ല, മല്ലപ്പള്ളി, റാന്നി എന്നീ സ്ഥലങ്ങളിലേക്ക് ചുരുങ്ങിയ സമയംകൊണ്ട് എത്തിച്ചേരാൻ ഈ റോഡിലൂടെ കഴിയും.

രാജു എബ്രഹാം എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ മാത്യു ടി തോമസ് എംഎൽഎ മുഖ്യാതിഥിയായിരുന്നു. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മനു ഭായ് മോഹൻ, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ കൃഷ്ണകുമാർ, പുറമറ്റം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റെയ്ച്ചൽ ബോബൻ, കൊറ്റനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം എസ് സുജാത, അയിരൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ടി ടി തോമസ് കുട്ടി, എഴുമറ്റൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ജയൻ പുളിക്കൽ, പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആർ അനിൽ കുമാർ, മല്ലപ്പള്ളി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വി കെ ജാസ്മിൻ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1979/19)

## പൂന്തോട്ട പരിപാലന ഏജൻസികളെ എം-പാനൽ ചെയ്യുന്നു

കേരളത്തിലെ പൂന്തോട്ട നിർമാണ പരിപാലന മേഖലയിൽ കുടുംബശ്രീയുടെ ബ്രാൻഡ് സമൂഹത്തിന് പരിചിതമാക്കുക എന്ന ഉദ്ദേശത്തോടെ കാർഷിക മേഖലയിൽ കുടുംബശ്രീ ഗാർഡൻ ഇൻസ്റ്റലേഷൻ യൂണിറ്റുകളുടെ ഒരു ശൃംഖല ഗ്രീൻ കാർപ്പറ്റ്സ് എന്ന പേരിൽ ആരംഭിക്കുന്നു. മട്ടുപ്പാവ്, കൃഷി, അടുക്കളത്തോട്ട നിർമ്മാണം, അലങ്കാര പുഷ്പോദ്യാനം, വെർട്ടിക്കൽ ഗാർഡനിംഗ്, ബാലക്കണി ഗാർഡനിംഗ്, ലാന്റ്സ് കേപ്പിംഗ്,

ടോപിയറി തുടങ്ങിയ വിവിധ മേഖലകളിൽ പാരമ്പര്യ നൂതന ശാസ്ത്ര അറിവുകൾ പ്രദാനം ചെയ്യുന്നതിനും പ്രൊഫഷണൽ ട്രെയിനിംഗ് നൽകുന്നതിനും കേരളത്തിൽ നിന്നുള്ള ഏജൻസികളെ തെരഞ്ഞെടുത്ത് എം-പാനൽ ചെയ്യും. പൂന്തോട്ട പരിപാലന മേഖലയിൽ പ്രാവണ്യമുള്ളവരും കുടുംബശ്രീയിൽ എം-പാനൽ ചെയ്യുവാൻ താല്പര്യമുള്ളവരുമായ ഏജൻസികൾ ഈ മാസം എട്ടിന് വൈകിട്ട് നാലിന് മുമ്പ് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് അപേക്ഷ നൽകണം. (പിഎൻപി 1980/19)

## റാന്നിയിൽ റോഡ് വികസനത്തിന് ഇതുവരെ
## അനുവദിച്ചത് 585.5 കോടി രൂപ: മന്ത്രി ജി. സുധാകരൻ

റാന്നി നിയോജക മണ്ഡലത്തിൽ റോഡിനും പാലം പണിക്കുമായി 585.5 കോടി രൂപ സർക്കാർ ഇതുവരെ അനുവദിച്ചിട്ടുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ പറഞ്ഞു. എഴുമറ്റൂർ -കുളത്തകം -വായ്പൂർ റോഡിന്റെ നിർമാണോദ്ഘാടനം വായ്പൂർ ബസ് സ്റ്റാൻഡ് ജംഗ്ഷനിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. രണ്ടായിരത്തി ഇരുപതോടെ പൂർണമായും നവീകരിച്ചതും പുതുക്കി നിർമിച്ചതുമായ റോഡുകളുള്ള മണ്ഡലമായി റാന്നി മാറും. ശബരിമല റോഡ് വികസനത്തിനായി 224 കോടി രൂപ സർക്കാർ ഈ വർഷം അനുവദിച്ചിട്ടുണ്ട്. അതിൽ 80 കോടിയുടെ നിർമാണ പ്രവർത്തനം നടക്കുന്നതും റാന്നിയിലാണെന്നും മന്ത്രി പറഞ്ഞു.

റാന്നി നിയോജക മണ്ഡലത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടാണ് 6.635 കി.മി. ദൈർഘ്യം വരുന്ന എഴുമറ്റൂർ - കുളത്തകം - വായ്പൂർ- ബസ് സ്റ്റാൻഡ് റോഡിന്റെ നിർമാണം നടത്തുന്നത്. റോഡ് നവീകരണത്തിനായി2018-19 വർഷത്തെ 'ഫ്ളഡ് ഡാമേജ് പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ചു കോടി രൂപ വിനിയോഗിച്ചാണ് റോഡ് നിർമാണം. ഈ പ്രവൃത്തി റാന്നി  ബിഗോറ ഇൻഫ്രാസ്ട്രക്ചേഴ്സ് & ഡെവലപ്പേഴ്സ് പ്രൈ ലിമിറ്റഡ് എന്ന കമ്പനിയാണ് കരാർ ഏറ്റെടുത്തിട്ടുള്ളത്.  ഇതിന്റെ പൂർത്തീകരണ കാലാവധി എട്ടു മാസമാണ്.

നിലവിലുള്ള റോഡിന്റെ വീതി കുറഞ്ഞ സ്ഥലങ്ങൾ ജി.എസ് ബി, ഡബ്ല്യു എം.എം. എന്നിവ ഉപയോഗിച്ച് 5.50 മീ. ക്യാരേജ് വേ വീതിയിലും. ഡി.ജി ബി. എം & ബി.സി ടാറിംഗും നടത്തി ഉന്നത നിലവാരത്തിൽ ഉപരിതലം പുതുക്കും. റോഡിൽ നിലവിൽ ബലക്ഷയമുള്ള അഞ്ച് കലുങ്കുകളുടെ പുനർനിർമാണം, 140 മീറ്റർ സംരക്ഷണഭിത്തി, 1000 മീറ്റർ നീളത്തിൽ ഓടകൾ, 550 ചതുരശ്ര മീറ്റർ ഇന്റർലോക്ക്, 200 മീറ്റർ ക്രാഷ് ബാരിയർ, ട്രാഫിക് സംരക്ഷണത്തിന് കരുതൽ നൽകുന്ന വിവിധ തരം സൈൻ ബോർഡുകളും , കൂടാതെ ഇതിനോടനുബന്ധമായ സംവിധാനങ്ങളും ഈ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമിക്കും. ഈ പ്രവൃത്തി പൂർത്തിയാകുന്നതോടുകൂടി എഴുമറ്റൂർ, കോട്ടാങ്ങൽ പഞ്ചായത്ത് നിവാസികൾ അനുഭവിക്കുന്ന യാത്രാ ദുരിതം ഒഴിവാക്കുന്നതിനും, താലൂക്ക് ആസ്ഥാനങ്ങളായ തിരുവല്ല, മല്ലപ്പള്ളി, റാന്നി എന്നീ സ്ഥലങ്ങളിലേയ്ക്ക് വളരെ ചുരുങ്ങിയ സമയം കൊണ്ട് ജനങ്ങൾക്ക് എത്തിച്ചേരാനും സാധിക്കും.

രാജു എബ്രഹാം എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മനു ഭായ് മോഹൻ, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ കൃഷ്ണകുമാർ, എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജയൻ പുളിക്കൽ, കോട്ടാങ്ങൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ എം മുഹമ്മദ് സലിം, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ കെ സതീഷ്, ബിനു ജോസഫ്, പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനീയർ ആർ അനിൽ കുമാർ, മല്ലപ്പള്ളി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ വി കെ ജാസ്മിൻ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1981/19)

## പുനഃരധിവാസ വായ്പ:
## സംരംഭകത്വ പരിശീലനവും യോഗ്യത നിർണയവും ഒൻപതിന് തിരുവല്ലയിൽ

പ്രവാസി പുനരധിവാസ പദ്ധതിയിൻ കീഴിൽ നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ സഹകരണത്തോടെ സംരംഭങ്ങൾ തുടങ്ങുന്നതിന് മൂലധന/പലിശ സബ്സിഡിയുള്ള വായ്പ ലഭ്യമാക്കുന്നതിനുള്ള അർഹതാ നിർണയ ക്യാമ്പ് ഒമ്പതിന് രാവിലെ 10 ന് തിരുവല്ല വി.ജി. എം. ഹാളിൽ നടത്തും. മാത്യു. റ്റി. തോമസ് എം. എൽ. എ ഉദ്ഘാടനം ചെയ്യും. തിരുവല്ല നഗരസഭ ചെയർമാൻ ചെറിയാൻ പോളച്ചിറയ്ക്കൽ അദ്ധ്യക്ഷനായിരിക്കും. നഗരസഭ കൗൺസിലർ ഏലിയാമ്മ തോമസ്, നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ കെ. വരദരാജൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ. ഹരികൃഷ്ണൻ നമ്പൂതിരി, തിരുവനന്തപുരം ഐ.ഒ.ബി. മേഖലാ ഓഫീസ് അസിസ്റ്റന്റ് മാനേജർ എസ്. രമേശ് കുമാർ, സി.എം.ഡി ഡയറക്ടർ ഡോ. ജി. സുരേഷ്, നോർക്ക റൂട്ട്സ് ജനറൽ മാനേജർ ഡി. ജഗദീശ് തുടങ്ങിയവർ പങ്കെടുക്കും. പ്രവാസത്തിനുശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയവർക്ക് തുടങ്ങാവുന്ന സംരംഭങ്ങളെ പരിചയപ്പെടുത്തും. യോഗ്യരായ അപേക്ഷകർക്ക് വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്നു തന്നെ പൂർത്തിയാക്കും. അഭിരുചിയുള്ളവർക്ക് പുതിയ സംരംഭങ്ങൾ തുടങ്ങാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ മാനേജ്മെന്റ് പരിശീലന സ്ഥാപനമായ സി.എം.ഡിയിലെ വിദഗ്ധർ നൽകും.

മൂലധന, പലിശ സബ്സിഡികൾ ലഭ്യമാക്കുന്ന പദ്ധതിയിൽ സംരംഭകരാകാൻ താല്പര്യമുള്ളവർ തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ കുറിച്ചുള്ള അടങ്കൽ തുക ഉൾപ്പെടെയുള്ള ലഘു വിവരണവും, കുറഞ്ഞത് രണ്ട് വർഷം വിദേശവാസം തെളിയിക്കുന്ന പാസ്പോർട്ടിന്റെ പകർപ്പും, മൂന്ന് പാസ്പോർട്ട് സൈസ്സ് ഫോട്ടോയും കൈയ്യിൽ കരുതണം. താല്പര്യമുള്ളവർ നോർക്ക റൂട്ട്സിന്റെ വെബ് സൈറ്റായ www.norkaroots.org യിൽ മുൻകൂർ പേര് രജിസ്റ്റർ ചെയ്ത ശേഷം എത്തണം. കൂടുതൽ വിവരങ്ങൾക്ക്: സി.എം.ഡിയുടെ സഹായ കേന്ദ്രം (04712329738) നമ്പറിലും, നോർക്ക റൂട്ട്സിന്റെ 1800 425 3939 (ഇന്ത്യയിൽ നിന്നും), 00918802012345 (വിദേശത്തു നിന്നും) (മിസ്ഡ് കോൾ സേവനം) ടോൾഫ്രീ നമ്പരിലും 0471-2770581 നമ്പറിലും ലഭിക്കും. (പിഎൻപി 1982/19)

## കംപ്യൂട്ടർ പ്രോഗ്രാമർ ഒഴിവ്

അടൂർ ഐഎച്ച്ആർഡി എൻജിനീയറിംഗ് കോളജിൽ കംപ്യൂട്ടർ പ്രോഗ്രാമർ തസ്തികയിൽ താത്ക്കാലിക നിയമനത്തിന് അപേക്ഷിക്കാം. പിജിഡിസിഎ ഫസ്റ്റ് ക്ലാസ് അല്ലെങ്കിൽ ഫസ്റ്റ് ക്ലാസ് ബി.എസ്.സി കംപ്യൂട്ടർ സയൻസാണ് യോഗ്യത. താത്പര്യമുള്ളവർ ഈ മാസം എട്ടിന് രാവിലെ 10ന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളജിൽ ഹാജരാകണം. ഫോൺ: 04734 231995. (പിഎൻപി 1983/19)

## വിദ്യാർഥികൾക്ക് 15 വരെ നിലവിലുള്ള രീതിയിൽ യാത്ര ചെയ്യാം

ജില്ലയിൽ വിദ്യാർഥികൾക്കുള്ള കൺസഷൻ കാർഡ് വിതരണം ചെയ്യുന്നതിന് സാങ്കേതിക കാരണങ്ങളാൽ സാധിച്ചിട്ടില്ലാത്തതിനാൽ ആഗസ്റ്റ് 15 വരെ നിലവിലുള്ള രീതിയിൽ സ്വകാര്യ ബസുകളിൽ യാത്ര ചെയ്യാമെന്ന് ആർടിഒ അറിയിച്ചു. (പിഎൻപി 1984/19)

## മന്ത്രി ഇടപെട്ടു; പുന്നയ്ക്കാട് ട്രാക്ടർ ബ്രിഡ്ജ് യാഥാർഥ്യമാകും

ഭരണാനുമതി ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും നടപടികൾ മുന്നോട്ട് പോകാതിരുന്ന പുന്നയ്ക്കാട് ട്രാക്ടർ ബ്രിഡ്ജിന് ഒടുവിൽ ശാപമോക്ഷം. പദ്ധതിക്ക് ഈമാസം ആറിന് മുമ്പുതന്നെ സാങ്കേതിക അനുമതി നൽകുമെന്ന് ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ ജലവിഭവ വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടിക്ക് ഉറപ്പുനൽകി. പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ജലവിഭവ വകുപ്പിന്റെ അവലോകന യോഗത്തിനിടെയാണ് മന്ത്രി ഇക്കാര്യം ചോദിച്ചത്. ഈമാസം 18ന് ടെൻഡർ നടപടികളിലേക്ക് കടക്കുമെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. പുന്നയ്ക്കാട് പാടശേഖരത്തിൽ കൃഷിക്ക് അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങൾ നിർമിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയാണിത്.

വീണാജോർജ് എം.എൽ.എ ഇതു സംബന്ധിച്ച് നേരത്തേ പരാതി നൽകിയിരുന്നു. പാലം നിർമാണത്തിനും തോടിന്റെ നവീകരണത്തിനുമായുള്ള പദ്ധതിക്ക് ഒരു വർഷം മുമ്പാണ് ഭരണാനുമതി ലഭിച്ചത്. എന്നാൽ, സങ്കേതിക അനുമതി നൽകാതെ ഉദ്യോഗസ്ഥർ നീട്ടിക്കൊണ്ടു പോകുകയായിരുന്നു.

ആറന്മുള വള്ളംകളിയോടും വള്ളസദ്യയോടും അനുബന്ധിച്ചുള്ള പ്രവൃത്തികൾ സമയബന്ധിതമായി തീർക്കാൻ മന്ത്രി നിർദേശം നൽകി. ഡ്രഡ്ജിംഗ് ചെയ്തു മണൽപ്പുറ്റ് നീക്കം ചെയ്യണം. ജലനിരപ്പ് ഉയർന്നുനിൽക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം നിർദേശിച്ചു. കോഴഞ്ചേരി കുരങ്ങുമല ശുദ്ധജല പദ്ധതിയുടെ പൂർത്തീകരണ പ്രവൃത്തികൾ അടുത്ത തിങ്കളാഴ്ച ആരംഭിക്കുമെന്ന് ജല അതോറിട്ടി ഉദ്യോഗസ്ഥർ ഉറപ്പുനൽകി. പെരുനാട് -അത്തിക്കയം കുടിവെള്ള പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി. രണ്ടാംഘട്ടം ടെൻഡർ ചെയ്യുന്നതിന് അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. മുടങ്ങി കിടക്കുന്ന താന്നിക്കുന്ന് കോളനിയിലെ കുടിവെള്ള പദ്ധതി ജലവിഭവ വകുപ്പിന്റെ പദ്ധതി അല്ലെന്ന് ഉദ്യോഗസ്ഥർ യോഗത്തിൽ അറിയിച്ചു. പഞ്ചായത്ത് സ്ഥലം ലഭ്യമാക്കിയാൽ കുളനടയിൽ പുതിയ കുടിവെള്ള പദ്ധതി നടപ്പാക്കും. അടൂർ പള്ളിക്കൽ പഞ്ചായത്തിലെ ആറാട്ടുചിറ ശുദ്ധജല പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതും, അടൂർ ആനയടി-പള്ളിക്കൽ റോഡിൽ പൊട്ടിയ പൈപ്പ് മാറ്റുന്നതും സംബന്ധിച്ച കാര്യങ്ങൾ ചിറ്റയം ഗോപകുമാർ എംഎൽഎയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കണമെന്ന് മന്ത്രി നിർദേശിച്ചു.

പന്തളം-തുമ്പമൺ ഭുവനേശ്വരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലൂടെ നവംബർ മുതൽ ജലം ലഭ്യമാകുമെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു. ആനയടി-പള്ളിക്കൽ റോഡിൽ കിഫ്ബി പദ്ധതി പ്രകാരം പുതിയ പൈപ്പ് ഇടുന്നതിനും സീതത്തോട്ടിൽ ചിറ്റാർ പാമ്പിനി പദ്ധതിയുടെ പൈപ്പ് ലൈൻ മാറ്റുന്നതിന് റീബിൽഡ് പദ്ധതി പ്രകാരം ആറുകോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ടെന്നും ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥർ യോഗത്തിൽ അറിയിച്ചു.

(പിഎൻപി 1985/19)

## പൈപ്പ് പൊട്ടൽ കുറച്ചാൽ ഇൻസന്റീവ്; പഴയ പൈപ്പുകൾ മാറ്റാനും നടപടി

പത്തനംതിട്ട ജില്ലയിൽ വ്യാപകമാകുന്ന പൈപ്പ് പൊട്ടലുകൾക്ക് ശാശ്വത പരിഹാരം കാണുമെന്ന് ജലവിഭവ വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി പറഞ്ഞു. പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ജില്ലാതല അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. പത്തനംതിട്ട നഗരത്തിലും ജില്ലയിലെ വിവിധ പദ്ധതികളിലെയും കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റിസ്ഥാപിക്കും. പത്തനംതിട്ട നഗരത്തിൽ കിഫ്ബിയുടെ കീഴിലുള്ള 36 കോടി രൂപയുടെ പദ്ധതി വരുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിലെയും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റും. ഇതിനുള്ള പദ്ധതികൾ താഴേതട്ടിൽനിന്നും തയാറാക്കും. ഇവ ജലശക്തിയുടെ കീഴിൽ നടപ്പാക്കുന്നത് പരിഗണിക്കാനും മന്ത്രി നിർദേശിച്ചു.

കുടിവെള്ള പൈപ്പുകൾക്ക് തുടർച്ചയായി പൊട്ടലുകൾ ഉണ്ടാകുമ്പോൾ അറ്റകുറ്റപണികൾക്കായി ലക്ഷക്കണക്കിന് രൂപ ചെലവഴിക്കേണ്ടി വരുന്നു. പൈപ്പ്മാറ്റൽ ദീർഘകാല പദ്ധതിയാണ്. എന്നാൽ, പൈപ്പ് പൊട്ടലിന് പെട്ടെന്നുള്ള പരിഹാരവും ആവശ്യമാണ്. വെള്ളത്തിന്റെ മർദം നിരീക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തും. അതിന് അസിസ്റ്റൻഡ് എൻജിനീയമാർ മുതലുള്ളവർ പ്രത്യേകം ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്. തങ്ങളുടെ നിരീക്ഷണത്തിലൂടെ പൈപ്പ് പൊട്ടലുകളുടെ എണ്ണം കുറയ്ക്കാൻ കഴിഞ്ഞാൽ അവർക്ക് ഇൻസെന്റീവ് നൽകുന്നത് പരിഗണിക്കും. പൈപ്പ് പൊട്ടൽ ഉണ്ടാകാതെ നോക്കുന്ന ഉദ്യോഗസ്ഥരെ താൻ നേരിട്ടുതന്നെ ആദരിക്കുമെന്നും മന്ത്രി പറഞ്ഞു.

ഈ വർഷം ജില്ലയിൽ പതിനാറായിരം പുതിയ കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്. വിതരണ ചെലവും ജലദുരുപയോഗവും പരമാവധി കുറയ്ക്കുന്നതിന് ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കണമെന്നും മന്ത്രി നിർദേശിച്ചു. ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ജലവിതരണ സംവിധാനങ്ങൾ കാര്യക്ഷമവും ലാഭകരവുമാക്കണം. ജനങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിലാകണം പദ്ധതികൾ നടപ്പിലാക്കേണ്ടത്. കർഷകരുടെ ആവശ്യങ്ങൾ മനസിലാക്കി ജലസേചന വകുപ്പ് പദ്ധതികൾ തയാറാക്കുകയും ഇവയുടെ നടത്തിപ്പിലുണ്ടാകുന്ന പ്രശ്നങ്ങൾ പ്രാദേശികമായി പരിഹരിക്കുകയും വേണം. റവന്യൂ നഷ്ടത്തിന് പ്രധാന കാരണമായ വൈദ്യുതി ഉപയോഗം കുറച്ച് സൗരോർജ സംവിധാനം ഏർപ്പെടുത്തും. ഇറിഗേഷൻ വകുപ്പ് കൃഷിക്ക് വേണ്ടിയാണ്. കൃഷിയുടെ സാധ്യതകളെ മടക്കികൊണ്ടുവന്ന് കാർഷിക മികവ് വർധിപ്പിക്കാൻ സാധിക്കണം.ആസിയൻ പോലുള്ള കാരാറുകൾ നിലവിൽ വരുമ്പോൾ ഉത്പാദന വർധനവില്ലാതെ കർഷകനു നിലനിൽക്കാൻ സാധ്യമല്ലെന്നും കൃഷി ഇടങ്ങളിൽ ജലസേചനം ചെയ്താൽ കൃഷിക്കാരുടെ വരുമാനം അഞ്ചിരട്ടിയായി വർധിപ്പിക്കാമെന്നും മന്ത്രി പറഞ്ഞു.
അനുവദിക്കുന്ന ഫണ്ട് പൂർണവും ഫലപ്രദവുമായി വിനിയോഗിക്കണമെന്ന് മന്ത്രി നിർദേശിച്ചു. ജല നഷ്ടം ഒഴിവാക്കുന്നതിന് വാട്ടർ മാനേജ്മെന്റ് നടപ്പാക്കണം. വാട്ടർഷെഡിന്റെ അടിസ്ഥാനത്തിൽ വാട്ടർ ബജറ്റ് തയാറാക്കണം. നാണ്യവിളകളുടെ ജലസേചനത്തിനായി പദ്ധതി തയാറാക്കണം. എല്ലാ പദ്ധതികളും താഴെത്തട്ടിൽ നിന്നുള്ള ആവശ്യകതയുടെയും വിവരത്തിന്റെയും അടിസ്ഥാനത്തിലായിരിക്കണം തയാറാക്കേണ്ടത്. കർഷകർക്ക് എന്തു ഗുണം ലഭിച്ചു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം ജലസേചന പദ്ധതികളെ വിലയിരുത്തേണ്ടത്. കനാലുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി നടത്തണം. ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിൽ ജില്ലയിലുള്ള സ്ഥലം കൈയേറ്റം ചെയ്യപ്പെട്ടിട്ടുണ്ടോയെന്നതു സംബന്ധിച്ച് റിപ്പോർട്ട് നൽകണം. റീബിൽഡ് കേരളയുമായി ബന്ധപ്പെട്ടുള്ള പുനർനിർമാണ പ്രവർത്തനങ്ങൾ ശ്രദ്ധാപൂർവം നടത്തണം. ജനങ്ങൾക്ക് പദ്ധതിയുടെ ഗുണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. പമ്പയിലെ തീര സംരക്ഷണം, ത്രിവേണിയിലെ കുടിവെള്ള സ്രോതസ് മണൽ അടിഞ്ഞതു മൂലം നേരിടുന്ന പ്രശ്നം എന്നിവ സംബന്ധിച്ച് റിപ്പോർട്ട് നൽകണം. ഗ്രാമീണ മേഖലയിൽ കൂടുതൽ കുടിവെള്ള പദ്ധതികൾ തയാറാക്കി നൽകണമെന്നും മന്ത്രി നിർദേശിച്ചു.

ജലനിധി, ഭൂഗർഭ ജല വകുപ്പ് എന്നിവ മുഖേന ജില്ലയിൽ നടത്തിവരുന്ന ജലവിതരണ പദ്ധതികളുടെ പ്രവർത്തനങ്ങളും യോഗത്തിൽ അവലോകനം ചെയ്തു. അവലോകന യോഗത്തിൽ ജല അതോറിറ്റി ബോർഡ് അംഗം അലക്സ് കണ്ണമല, ചീഫ് എൻജിനീയർമാരായ കെ.എച്ച്. ഷംസുദ്ദീൻ, ടി.ജി. സെൻ, എം. ശ്രീകുമാർ എന്നിവർ നേതൃത്വം നൽകി. ജലസേചനം, ജല അതോറിട്ടി, ജലനിധി, ഭൂഗർഭ ജലം വകുപ്പുകളിലെ എൻജിനീയർമാർ പങ്കെടുത്തു. (പിഎൻപി 1986/19)

## തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിക്ക് തപാൽ വകുപ്പിന്റെ ആദരം

ആരോഗ്യ പരിപാലന സേവനങ്ങളുടെ 85-ാം വർഷത്തിലേക്ക് പ്രവേശിക്കുന്ന തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിക്ക് തപാൽ വകുപ്പിന്റെ ആദരം. ദൈവത്തിന്റെ കൈയൊപ്പുള്ള ആശുപത്രി എന്ന് ആലേഖനം ചെയ്ത മൈ സ്റ്റാമ്പിന്റെ പ്രകാശനം ജില്ലാ കളക്ടർ പി. ബി നൂഹ് നിർവഹിച്ചു.

മെഡിക്കൽ മിഷൻ ആശുപത്രിയിൽ മൂന്നു ലക്ഷം ശിശുക്കൾ ജനിച്ചതിന്റെ ആഘോഷാർഥം കൂടെയാണ് സ്റ്റാമ്പ് പ്രകാശനം ചെയ്തത്. ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന ചടങ്ങിൽ തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രി ചെയർമാൻ ജോർജ് കോശി, എക്സിക്യൂട്ടീവ് ഡയറക്ടർ റെജി സാം ചെറിയാൻ, പോസ്റ്റൽ സൂപ്രണ്ട് വി.ബാലകൃഷ്ണൻ നായർ, എച്ച്.ആർ മാനേജർ സജിത്ത് സാമുവൽ, പോസ്റ്റൽ ബിസിനസ് എക്സിക്യൂട്ടീവുമാരായ ജോണി ജോസഫ്, രാജു തോമസ്, ഹഡ്സൺ ബാബു തുടങ്ങിയവർ സാന്നിഹിതരായിരുന്നു. (പിഎൻപി 1987/19)

## ജലസാക്ഷരത അനിവാര്യം: മന്ത്രി കെ കൃഷ്ണൻകുട്ടി

ജലം സംഭരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ജല സാക്ഷരത അനിവാര്യമാണെന്ന് ജലവിഭവ വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി പറഞ്ഞു. ഇലന്തൂർ-മല്ലപ്പുഴശേരി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി ഉദ്ഘാടനം ഇലന്തൂർ പഞ്ചായത്ത് സ്റ്റേഡിയത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

നദികളിലും, പുഴകളിലും ജലനിരപ്പ് ക്രമാതീതമായി താഴ്ന്നു വരുകയാണ്. ജലം സംരക്ഷിക്കേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്തമാണെന്നും മന്ത്രി പറഞ്ഞു. അടിസ്ഥാന സൗകര്യ വികസനത്തിൽ സംസ്ഥാന സർക്കാർ ഏറെ മുന്നിലാണ്. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടാണ് സർക്കാർ മുന്നോട്ടു പോകുന്നതെന്നും മന്ത്രി പറഞ്ഞു.
വീണാ ജോർജ് എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കുടിവെള്ളം അനിവാര്യതയാണെന്നും, വരും തലമുറയ്ക്കായി ജലം സംരക്ഷിക്കേണ്ടത് ഓരോരുത്ത രുടെയും കർത്തവ്യമാണെന്നും എംഎൽഎ പറഞ്ഞു.

കേരള ജല അതോറിറ്റി ടെക്നിക്കൽ മെമ്പർ റ്റി രവീന്ദ്രൻ റിപ്പോർട്ട് അവതരിപ്പിച്ചു. കേരള ജല അതോറിറ്റി ബോർഡ് മെമ്പർ അലക്സ് കണ്ണമല, കേരള ജല അതോറിറ്റി ദക്ഷിണമേഖല ചീഫ് എഞ്ചിനീയർ ജി ശ്രീകുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം ബി സത്യൻ, ജില്ലാ പഞ്ചായത്തംഗം ലീലാ മോഹൻ, ഇലന്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം എസ് സിജു, മല്ലപ്പുഴശേരി ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ലതാ വിക്രമൻ, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ രമാദേവി, സാലി തോമസ്, വത്സമ്മ മാത്യു, സി പി ഐ (എം ) കോഴഞ്ചേരി ഏരിയ സെക്രട്ടറി ആർ അജയകുമാർ, സി പി ഐ (എം) പത്തനംതിട്ട ഏരിയാ സെക്രട്ടറി എൻ സജികുമാർ, സി പി ഐ മണ്ഡലം സെക്രട്ടറി എം കെ സജി, സി പിഐ (എം) എൽ സി സെക്രട്ടറി ഇലന്തൂർ വിവി വിനോദ്, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

കോഴഞ്ചേരി താലൂക്കിലെ ഇലന്തൂർ, മല്ലപ്പുഴശേരി എന്നീ പഞ്ചായത്തുകളിലെ ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതിയുടെ ഒന്നാംഘട്ടം 2006ൽ വിഭാവനം ചെയ്തിരുന്നു. ഒന്നാം ഘട്ടത്തിൽ ഉത്പാദന ഘടകങ്ങളായ ഉപരിതല ജലസംഭരണിയും ഭൂതല ജലസംഭരണിയും നിർമിക്കുന്നതിനും പ്രധാന പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുമായി ആറു കോടിരൂപ അനുവദിച്ചിരുന്നു. രണ്ടാം ഘട്ടത്തിൽ ശുദ്ധീകരണശാലയുടെ നിർമാണം, രണ്ട് മേഖലകളിൽ വിതരണ ശൃംഖലകൾ, പമ്പിംഗ് മെയിൻ, പമ്പ് സെറ്റ് സ്ഥാപിക്കൽ എന്നിവയ്ക്കായി 8.67 കോടി രൂപയും അനുവദിച്ചിരുന്നു. കൂടാതെ സ്രോതസ് വിപുലീകരണത്തിനായി 58.5 ലക്ഷം രൂപയും

അനുവദിച്ചിരുന്നു. കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് മൂന്ന് അനുമതികളും ലഭ്യമായത്. ഒന്നാം ഘട്ടത്തിലെയും രണ്ടാം ഘട്ടത്തിലെയും പ്രവർത്തികളും സ്രോതസ് വിപുലീകരണവും പൂർത്തീകരിച്ച് പദ്ധതി പൂർണ സജ്ജമാക്കിയിട്ടുണ്ട്.

പമ്പാ നദിയാണ് പദ്ധതിയുടെ സ്രോതസ്. ആറൻമുള കടവിൽ നിലവിലുള്ള ആറു മീറ്റർ വ്യാസമുള്ള കിണറിൽ, ആറ്റിൽ നിന്നുള്ള ജലം ശേഖരിച്ചതിന് ശേഷം 250 എം എം ഡി ഐപൈപ്പ് അഞ്ച് കിലോമീറ്റർ ദൂരത്തിൽ പമ്പിംഗ് മെയിനായി സ്ഥാപിച്ച് ജലം ശുദ്ധീകരണശാലയിൽ എത്തിക്കുന്നു. ഇതിനായി 80 എച്ച് പി ശേഷിയുള്ള പമ്പ് സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പരുത്തൻപാറയിൽ നിർമിച്ച ശുദ്ധീകരണശാലയുടെ ശേഷി പ്രതിദിനം 45 ലക്ഷം ലിറ്ററാണ്. ശുദ്ധീകരിച്ച ജലം മൂന്നു മേഖലകളായി തിരിച്ച് വിതരണം ചെയ്യാനാണ് ലക്ഷ്യമിടുന്നത്.

ശുദ്ധീകരണശാലയിൽ നിന്നും 6.43 ലക്ഷം ലിറ്റർ ശേഷിയുള്ള പരുത്തൻപാറ ഉപരിതല സംഭരണിയിലേക്ക് പമ്പിംഗ് മെയിൻ സ്ഥാപിച്ച് ജലം എത്തിക്കുന്നു. ഇതിനായി 280 എം എം ഡി ഐ പൈപ്പ് 500 മീറ്റർ ദൂരത്തിൽ സ്ഥാപിച്ചിട്ടുണ്ട്. പരുത്തൻപാറ സംഭരണിയിൽ നിന്നും പരിയാരം സമ്പിൽ ജലം എത്തിച്ച് നെടുമുരുപ്പ്, മലയിരിക്കും മുരുപ്പ് എന്നീ ഭൂതല സംഭരണികളിലേക്ക് പമ്പ് ചെയ്ത് ജലവിതരണം നടത്തുന്നു. പരിയാരം സമ്പിലേക്ക് പരുത്തൻപാറ ടാങ്കിൽ നിന്നും 125 എം എം സി ഐ പൈപ്പ് 3165 മീറ്റർ ദൂരത്തിൽ സ്ഥാപിച്ചിട്ടുണ്ട്. നെടുമുരുപ്പ് ടാങ്കിന്റെ ശേഷി 80000 ലിറ്ററും, മലയിരിക്കും മുരുപ്പിലെ രണ്ട് ടാങ്കുകളുടെ ആകെ ശേഷി 1.92 ലക്ഷം ലിറ്ററുമാണ്. പരുത്തൻപാറ, മലയിരിക്കും മുരുപ്പ്, എന്നീ സംഭരണികളിൽ നിന്നും രണ്ടു പഞ്ചായത്തുകളിലേക്കുമുള്ള വിതരണ ശ്യംഖലയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. നെടുമുരിപ്പ് ടാങ്കിൽ നിന്നും നിലവിലുള്ള വിതരണ ശ്യംഖല വഴി ജല വിതരണം നടത്തുന്നുമുണ്ട്.

ഈപദ്ധതി 2043 ൽ 40000 പേർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിലാണ് രൂപകൽപന ചെയ്തിട്ടുള്ളതെന്ന് വാട്ടർ അതോറിറ്റി അടൂർ പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയീയർ വൈ സജീദ പറഞ്ഞു. പ്രതിദിന ആളോഹരി വിഹിതം 70 ലിറ്ററായാണ് കണക്കാക്കിയിരിക്കുന്നത്. പഞ്ചായത്ത് സൗജന്യമായി ലഭ്യമാക്കിയ സ്ഥലത്താണ് ശുദ്ധീകരണശാല നിർമിച്ചിരിക്കുന്നത്. വിതരണ ശ്യംഖല എത്താത്ത സ്ഥലങ്ങളിൽ പുതിയത് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ റീ ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി പുതിയ പ്രോജക്ട് തയാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇത് കൂടി നടപ്പാക്കിയാൽ രണ്ട് പഞ്ചായത്തുകളിലെയും എല്ലാ പ്രദേശങ്ങളിലും ശുദ്ധജലമെത്തിക്കാൻ കഴിയും. (പിഎൻപി 1988/19)

## എസ്പിസി പ്രോജക്ടിന്റെ പത്താമത് വാർഷികാഘോഷത്തിന് തുടക്കമായി

സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ് (എസ്പിസി) പ്രോജക്ടിന്റെ പത്താം വാർഷികത്തിന്റെ ഭാഗമായി ഒരാഴ്ച നീണ്ടു നിൽക്കുന്നതും സാമൂഹിക പ്രതിബദ്ധതയുള്ളതുമായ വിവിധ പരിപാടികൾക്ക് പത്തനംതിട്ട ജില്ലയിൽ തുടക്കമായി. ഇതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽ എസ്പിസി പ്രോജക്ടിന്റെ സ്ഥാപക ദിനമായ ഓഗസ്റ്റ് രണ്ടിനു നടന്ന സീനിയർ കേഡറ്റുകളുടെ സെറിമോണിയൽ പരേഡിൽ പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ജി ജയ്ദേവ് മുഖ്യാതിഥിയായി സല്യൂട്ട് സ്വീകരിച്ചു. എസ്പിസി പ്രോജക്ടിന്റെ പത്തനംതിട്ട ജില്ലാ നോഡൽ ഓഫീസർ ആർ. പ്രദീപ്കുമാർ പതാക ഉയർത്തി . എസ്പിസി എ ഡി എൻ ഒ സുരേഷ്കുമാർ, പോലീസ് ഉദ്യോഗസ്ഥർ, അധ്യാപകർ, രക്ഷകർത്താക്കൾ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. നമ്മുടെ സമൂഹത്തിനും ഭാവി തലമുറയ്ക്കുമായി എസ്പിസി പദ്ധതിയിലൂടെ നടത്തുന്ന പ്രവർത്തനങ്ങൾ സമൂഹം നന്നായി പഠിച്ച്

ഉൾക്കൊള്ളണമെന്നും പത്താം വാർഷികത്തോടനുബന്ധിച്ച് നടക്കുന്ന പരിപാടികളിൽ എല്ലാ കേഡറ്റുകളും സജീവമായി പങ്കെടുക്കണമെന്നും ജില്ലാ പോലീസ് മേധാവി പറഞ്ഞു. ജില്ലയിലെ വിവിധ എസ്പിസി സ്കൂളുകളുടെ ആഭിമുഖ്യത്തിൽ എസ്പിസി പ്രോജക്ടിന്റെ പത്താം വാർഷികത്തോട് അനുബന്ധിച്ച് ഒരാഴ്ച നീണ്ടു നിൽക്കുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കും. വാർഷികാഘോഷത്തിന്റെ സമാപനത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് നടക്കുന്ന പരിപാടിയിൽ പത്തനംതിട്ട ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നുമുള്ള കേഡറ്റുകൾ പങ്കെടുക്കും. (പിഎൻപി 1989/19)

## ഫോട്ടോ അടിക്കുറിപ്പ്

2) വാലാങ്കര-അയിരൂർ റോഡിന്റെ നിർമാണോദ്ഘാടനം ചുഴനയിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ നിർവഹിക്കുന്നു.

3) എഴുമറ്റൂർ-കുളത്തകം-വായ്പൂർ റോഡിന്റെ നിർമാണോദ്ഘാടനം വായ്പൂർ ബസ് സ്റ്റാൻഡ് ജംഗ്ഷനിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ നിർവഹിക്കുന്നു.

4) തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിക്ക് തപാൽ വകുപ്പിന്റെ ആദര സൂചകമായി പുറത്തിറക്കിയ സ്റ്റാമ്പിന്റെ പ്രകാശനം ജില്ലാ കളക്ടർ പിബി നൂഹ് നിർവഹിക്കുന്നു.

5) പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ജില്ലാതല അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ച് ജലവിഭവ വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി സംസാരിക്കുന്നു.

6) എസ്പിസി പ്രോജക്ടിന്റെ പത്താം വാർഷികത്തോടനുബന്ധിച്ച് ജില്ലാ സ്റ്റേഡിയത്തിൽ നടന്ന എസ്പിസി സീനിയർ കേഡറ്റുകളുടെ പരേഡ് ജില്ലാ പോലീസ് മേധാവി ജി.ജയദേവ് പരിശോധിക്കുന്നു.

7) ഇലന്തൂർ-മല്ലപ്പുഴശേരി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി ഉദ്ഘാടനം ജലവിഭവ വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി നിർവഹിക്കുന്നു.

8) ഇലന്തൂർ-മല്ലപ്പുഴശേരി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി ഉദ്ഘാടന ചടങ്ങിൽ വീണാ ജോർജ് എംഎൽഎ അധ്യക്ഷത വഹിച്ച് സംസാരിക്കുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ആഗസ്റ്റ് 2<br>August 2 | 2019 |
|---|---|

*1193 കർക്കടകം 17 വെള്ളി*

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**പുതിയ നിർമാണ രീതികൾ നടപ്പാക്കണം: മന്ത്രി ജി. സുധാകരൻ**

പുതുതലമുറയ്ക്ക് ആവേശം പകരണമെങ്കിൽ പുതിയ നിർമാണ രീതികൾ നടപ്പാക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി സുധാകരൻ പറഞ്ഞു. അന്താരാഷ്ട്ര നിലവാരത്തിൽ പുനരുദ്ധരിച്ച വെച്ചൂച്ചിറ സെന്റ് തോമസ് പടി – മണിപ്പുഴ റോഡ് ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ശാസ്ത്ര സാങ്കേതിക വിദ്യയുടെ വികസനമാണ് നല്ല റോഡുകൾ. നല്ല കരാറുകാർ ഉണ്ടായാലേ നല്ല റോഡും പാലവും ഉണ്ടാകൂ. പാലാരിവട്ടം പാലം പണിത കോൺട്രാക്ടർ കേരളത്തിലെ ഒരു പ്രവൃത്തി പോലും പൂർത്തീകരിച്ചിട്ടില്ല. മൂന്നുവർഷംകൊണ്ട് റാന്നി നിയോജക മണ്ഡലത്തിൽ 585.5 കോടി കോടി രൂപയാണ് റോഡും പാലവും നിർമിക്കാൻ ഉപയോഗിച്ചത്. കേരളം മാറിക്കൊണ്ടിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

രാജു എബ്രഹാം എം എൽ എ യോഗത്തിൽ അധ്യക്ഷനായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ഗിരിജ മധു, പഞ്ചായത്ത് പ്രസിഡന്റുമാരായ മോഹൻരാജ് ജേക്കബ്, റോസമ്മ സ ്കറിയ, ജില്ലാ പഞ്ചായത്തംഗം എം ജി കണ്ണൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ മീനു എബ്രഹാം, ബിബിൻ മാത്യു. എക്സിക്യൂട്ടീവ് എൻജിനിയർ ആർ അനിൽകുമാർ, ആർ വരദരാജൻ, സിറിയക് തോമസ്, എസ് ആർ സന്തോഷ് കുമാർ, ബി രാജശ്രീ, ടി കെ

ജെയിംസ്, ബിനു തെള്ളിയിൽ, ലാൽജി ഏബ്രഹാം, സജി ഇടിക്കുള, എം വി പ്രസന്നകുമാർ എന്നിവർ പ്രസംഗിച്ചു.

റാന്നി വെച്ചൂച്ചിറ സെന്റ് തോമസ് ഹൈസ്കൂൾ പടിയിൽ നിന്നും ആരംഭിച്ച് കോട്ടയം ജില്ലയുടെ ഭാഗമായ മണിപ്പുഴയിൽ അവസാനിക്കുന്ന റോഡിന് 2.3 കിലോമീറ്റർ ദൈർഘ്യം ഉണ്ട്. 2018–19 വെള്ളപ്പൊക്ക കെടുതിയിൽ പെടുത്തി ഈ റോഡ് ബി.എം & ബി.സി നില വാരത്തിൽ പണിചെയ്യുന്നതിന് 2.20 കോടി രൂപായുടെ അനുമതിയാണ് ലഭിച്ചിരുന്നത്. ചങ്ങനാശേരി പാലാത്ര സോണി മാത്യൂ എന്ന കരാറുകാരനാണ് പണികൾ പൂർത്തീകരിച്ചത്. 2.30 കി.മി റോഡ് 5.50 മീറ്റർ വീതിയിൽ ബി.എം & ബി.സി ചെയ്യാനും, വീതികുറവുള്ള ഭാഗങ്ങളിൽ വീതി കൂട്ടി, 5.50 മീറ്റർ വീതിയിൽ ഡി.ജി ബി. എം & ബി.സി ഉപരിതലവും, ഒരു കലുങ്കിന്റെ വീതി കൂട്ടുന്നതിനും 220 മീറ്റർ സംരക്ഷണഭിത്തി, 300 മീറ്റർ കോൺക്രീറ്റ് ഓട, 100 മീറ്റർ ഐറിഷ് ഡ്രെയിൻ, റോഡ് സുരക്ഷാ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുത്തി യാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചു. ഈ റോഡ് പൂർത്തിയായതോടെ വെച്ചൂച്ചിറയിൽ നിന്നും എരുമേലിയി ലേക്കും കോട്ടയത്തേക്കും പോകാൻ വളരെ വേഗം സാധിക്കും. (പിഎൻപി 1990/19)

## ശബരിമല റോഡുകളുടെ പണി നവംബർ 10ന് അകം പൂർത്തീകരിക്കും: മന്ത്രി ജി. സുധാകരൻ

ശബരിമലയുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട 24 റോഡുകളുടെയും
അനുബന്ധ റോഡുകളുടെയും പണി നവംബർ 10 ന് അകം പൂർത്തീകരിക്കുമെന്ന് പൊതു മരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ പറഞ്ഞു. 7.5 കോടി രൂപ ചിലവഴിച്ച് ഉന്നത നിലവാരത്തിൽ പുനരുദ്ധരിക്കുന്ന അത്തിക്കയം – വെച്ചൂച്ചിറ റോഡ് നിർമാണ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ 150 മുതൽ 200 വരെ പാലങ്ങൾക്ക് കേടുപാടുകൾ വന്നിട്ടുണ്ട്. 50 എണ്ണത്തിന്റെ അറ്റകുറ്റപ്പണി പൂർത്തീകരിച്ചു. ബാക്കിയെല്ലാം പൂർത്തിയാകുമ്പോഴേക്കും 2000 കോടി രൂപ ചെലവ് വരുമെന്നും മന്ത്രി പറഞ്ഞു.

രാജു എബ്രഹാം എം എൽ എ യോഗത്തിൽ അധ്യക്ഷനായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ഗിരിജ മധു , പഞ്ചായത്ത് പ്രസിഡന്റുമാരായ മോഹൻരാജ് ജേക്കബ്, റോസമ്മ സ ്കറിയ, ജില്ലാ പഞ്ചായത്തംഗം എം ജി കണ്ണൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ മീനു എബ്രഹാം, ബി ബിൻ മാത്യു. എക്സിക്യൂട്ടീവ് എൻജിനിയർ ആർ അനിൽകുമാർ, ആർ വരദരാജൻ, സിറിയക് തോമസ്, എസ് ആർ സന്തോഷ് കുമാർ, ബി രാജശ്രീ, ടി കെ ജെയിംസ്, ബിനു തെള്ളിയിൽ, ലാൽജി ഏബ്രഹാം, സജി ഇടിക്കുള, എം വി പ്രസന്നകുമാർ എന്നിവർ പ്രസംഗിച്ചു. (പിഎൻപി 1991/19)

## ഫോട്ടോ അടിക്കുറിപ്പ്

9) അന്താരാഷ്ട്ര നിലവാരത്തിൽ പുനരുദ്ധരിച്ച വെച്ചൂച്ചിറ സെന്റ് തോമസ് പടി – മണിപ്പുഴ റോഡ് ഉദ്ഘാടനം പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി സുധാകരൻ നിർവഹിക്കുന്നു.
10) ഉന്നത നിലവാരത്തിൽ പുനരുദ്ധരിക്കുന്ന അത്തിക്കയം – വെച്ചൂച്ചിറ റോഡ് നിർമാണ ഉദ്ഘാടനം പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ നിർവഹിക്കുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.